**തദ്ദേശസ്വയംഭരണ വകുപ്പ് പ്ലാനിംഗ്**
**ജില്ലാ നഗരാസൂത്രണ കാര്യാലയം, തിരുവനന്തപുരം**
**ടൗൺപ്ലാനറുടെ നടപടിക്രമങ്ങൾ**

വിഷയം:- ജില്ലാ നഗരാസൂത്രണ കാര്യാലയം, തിരുവനന്തപുരം – കുന്നത്തുകാൽ ഗ്രാമപഞ്ചായത്ത്, കുന്നത്തുകാൽ വില്ലേജിജ്-ക്രെമറ്റോറിയം നിർമ്മാണം- ലേയൗട്ട്/ യൂസേജ് അംഗീകാരം നൽകി ഉത്തരവാകുന്നു.

പരാമർശം :- കുന്നത്തുകാൽ ഗ്രാമപഞ്ചായത്തിലെ 27.03.2021 ലെ എ 1/5202/20 നമ്പർ കത്ത്.

**<u>ഉത്തരവ് നമ്പർ TCPTVM/650/2021-D തീയതി 16/08/2021</u>**

കുന്നത്തുകാൽ ഗ്രാമ പഞ്ചായത്ത്, കുന്നത്തുകാൽ വില്ലേജിൽ റീസർവ്വേ നമ്പർ 461/19-1, 439/2-2 എന്നിവയിൽ ഉൾപ്പെട്ട 5.38 ആർ വസ്തുവിൽ ക്രെമറ്റോറിയം നിർമ്മിക്കുന്നതിനു layout concurrence നായി **ശ്രീ ധർമ്മദാസ്** (PA Holder) **സാമുവൽ വർഗീസ്,ശ്രീ തോംസൺ സാമുവൽ** എന്നിവർ ചേർന്ന് സമർപ്പിച്ച അപേക്ഷയിന്മേൽ താഴെപറയുന്ന നിബന്ധനകൾക്കു വിധേയമായി KPBR 2019 ചട്ടം 30(g) പ്രകാരം ലേഔട്ട് അംഗീകാരം നൽകി ഉത്തരവാകുന്നു.

**<u>നിബന്ധനകൾ</u>**

1. KBPR -19 ചട്ടം 5(b) പ്രകാരം സ്ഥലത്തിന്റെ ഉടമസ്ഥത സംബന്ധിച്ച രേഖകൾ , സർവ്വേ നമ്പർ , വിസ്തൃതി, അതിരുകൾ, അളവുകൾ, ഉടമസ്ഥാവകാശം, നിർമ്മാണാവകാശം എന്നിവ സെക്രട്ടറി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്. നിർദിഷ്ട നിർമ്മാണം ഉദ്ദേശിക്കുന്ന സ്ഥലത്ത് പുറമ്പോക്ക് ഭൂമി ഉൾപ്പെട്ടിട്ടില്ലെന്ന് ബന്ധപ്പെട്ട രേഖകൾ പരിശോധിച്ച് സെക്രട്ടറി ഉറപ്പ് വരുത്തേണ്ടതാണ്.
2. നിർദിഷ്ട നിർമ്മാണം KPBR – 2019 നും അനുബന്ധ ഭേദഗതികൾക്കും നിലവിലുള്ള ബാധകമായ മറ്റു നിയമങ്ങൾക്കും പൂർണമായും വിധേയമാണെന്ന് സെക്രട്ടറി ഉറപ്പ് വരുത്തണം.
3. പ്രസ്തുത സ്ഥലത്തു നിർമ്മാണ നിയന്ത്രണങ്ങൾ ഒന്നും ഇല്ല എന്ന് സെക്രട്ടറി ഉറപ്പുവരുത്തിയിരിക്കണം.
4. 2008 ലെ നെൽവയൽ തണ്ണീർത്തട നിയമം / അനുബന്ധ ഭേദഗതി എന്നിവ പ്രകാരം അനുവദനീയമാണെന്ന് സെക്രട്ടറി ഉറപ്പുവരുത്തിയിരിക്കണം. സ്വാഭാവിക ജല നിർഗമന മാർഗ്ഗങ്ങൾ അടഞ്ഞുപോകരുത്.
5. നിർമ്മാണവുമായി ബന്ധപ്പെട്ട ഏജൻസികളിൽ നിന്ന് ആവശ്യമായ അനുമതികൾ നേടിയിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പ് വരുത്തേണ്ടതാണ്.
6. പ്ലോട്ടിന് അടുത്ത് സ്ഥിതി ചെയ്യുന്ന ജലസ്രോതസ്സുകളെ മലിനപ്പെടുത്തുന്നില്ലെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.'
7. നിർദ്ദിഷ്ട നിർമ്മാണത്തിന് KPBR 2019 ചട്ടം 5(4) പ്രകാരം ജില്ലാ കളക്ടറുടെ എൻ. ഓ. സി. വാങ്ങിയിരിക്കണം.
8. KPBR 2019 ചട്ടം 76(3) പ്രകാരം നിർദ്ദിഷ്ട യൂണിറ്റിനു ചുറ്റും അനുയോജ്യമായ മരങ്ങൾ നടേണ്ടതാണ്.
9. KPBR 2019 ചട്ടം 10 പ്രകാരം സ്ഥലത്തു Excavation നടത്തുന്നത് സംബന്ധിച്ച് ആവശ്യമായ നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്. മണ്ണ് നീക്കം ചെയ്യുന്നുണ്ടെങ്കിൽ

ബന്ധപ്പെട്ട അധികാരികളുടെ അനുമതി വാങ്ങേണ്ടതാണ്.

10. നിർദ്ദിഷ്ട ലേ-ഔട്ടിൽ ഡ്രെയിനേജിനുള്ള സൗകര്യം നല്കിയിരിക്കണം. പ്രസ്തുത ലേ-ഔട്ടിൽ നിന്നുള്ള ഡ്രെയിനേജ് (മഴവെള്ളം /മലിനജലം) പരിസരവാസികൾക്ക് ദോഷമുണ്ടാകരുത്.
11. നിർമാണം KPBR 2019 ചട്ടം 79 നനുസൃതമായി മാലിന്യ നിർമ്മാർജ്ജന സംവിധാനം നൽകിയിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പു വരുത്തണം.

**26 /2021 നമ്പരായുള്ള അംഗീകരിച്ച ലേഔട്ട് പ്ലാൻ (ഒരു സെറ്റ്) ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.**

JAYASREE.V.K
TOWN PLANNER

ഉള്ളടക്കം: മേൽപ്രസ്താവിതം

സ്വീകർത്താവ്
സെക്രട്ടറി
കുന്നത്തുകാൽ ഗ്രാമ പഞ്ചായത്ത്

പകർപ്പ്: (അറിവിലേയ്ക്കായി)
Sri Samuel varghese & Dharmadas
Thomas samuel
Gilgal Bretheren Church
Karakonam